LIBRARY ARCHIVES Kerala Legislative Assembly

## പ്ലസ് വൺ പ്രവേശനത്തിനുള്ള നിയന്ത്രണം

363 [2422] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ പ്ലസ് വൺ പ്രവേശനത്തിന് പ്രായ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ കുറഞ്ഞ പ്രായം എത്രയാണെന്നും കൂടിയ പ്രായമെത്രയാണെന്നും വ്യക്തമാക്കിക്കൊണ്ടുള്ള ഉത്തരവ് ലഭ്യമാക്കുമോ;

(സി) രോഗബാധിതരായി വിദ്യാഭ്യാസം മുടങ്ങിയവർക്ക് പ്രായപരിധി കൂടാതെ പ്ലസ് വൺ പ്രവേശനം നടത്തുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) പ്ലസ് വൺ പ്രവേശനത്തിന് സംഭാവന നൽകാത്ത വിദ്യാർത്ഥികൾക്ക് പ്രവേശനം നിയന്ത്രിക്കുന്ന സ്കൂൾ ഭരണ സമിതികളുടെ പ്രവർത്തനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) പ്രത്യേക സാഹചര്യങ്ങളിൽ അർഹരായവർക്ക് ഇളവ് അനുവദിക്കാറുണ്ട്.

(ഡി) രേഖാമൂലം യാതൊരു പരാതിയും ലഭിച്ചിട്ടില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

## സർക്കാർ ഹൈസ്കൂളുകളിൽ പ്ലസ് വൺ അനുവദിക്കുന്ന നടപടി

364 [2423] ശ്രീ. എം. എ വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ അധീനതയിലുള്ള ഹൈസ്കൂളുകളിൽ ഇനി എത്ര ഹൈസ്കൂളുകളാണ് പ്ലസ് വൺ ക്ലാസ് അനുവദിക്കുവാനുള്ളത്;

(ബി) ഈ സ്കൂളുകളിൽ കൂടി പ്ലസ് വൺ കോഴ്സ് അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ ഇത് എന്നത്തേക്ക് നടപ്പിലാക്കുമെന്ന് വ്യക്തമാക്കുമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ ആന്റ് ബി) സംസ്ഥാനത്ത് സർക്കാർ അധീനതയിലുള്ള 976 ഗവൺമെന്റ് ഹൈസ്കൂളുകൾ ഉള്ളതിൽ 610 സ്കൂളുകൾ പ്ലസ് വൺ ക്ലാസ് അനുവദിച്ചിട്ടുണ്ട്. അവശേഷിക്കുന്ന 366 സ്കൂളുകളിൽ 80 എണ്ണത്തിൽ കൂടി പ്ലസ് വൺ ക്ലാസ് അനുവദിക്കാൻ ഈ വർഷം തീരുമാനമായിട്ടുണ്ട്. ഇനിയും അവശേഷിക്കുന്ന ഹൈസ്കൂളുകളിൽ പ്ലസ് വൺ ക്ലാസ് അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

പ്ലസ്ടു പ്രവേശനത്തിന് വിദ്യാർത്ഥി നേരിട്ട് ഹാജരാകാത്തതുമൂലം പ്രവേശനം നിഷേധിക്കുന്ന നടപടി

365 [2424] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്ലസ്ടു പ്രവേശനം ലഭിക്കാൻ രണ്ടും മൂന്നും സ്കൂളുകളിൽ നിന്നും ഒരേ ദിവസം ഒരേ സമയത്ത് ഇന്റർവ്യൂവിന് ഹാജരാകാൻ അറിയിപ്പ് വരികയും വിദ്യാർത്ഥി നേരിട്ട് ഹാജരാകാത്തതിന്റെ പേരിൽ സീറ്റ് നഷ്ടപ്പെടുകയും ചെയ്തത് സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) വ്യത്യസ്ത സ്കൂളുകളിൽ നിന്നും ചാൻസ് കാർഡ് വരുമ്പോൾ വിദ്യാർത്ഥിക്കു പോകാൻ കഴിയാത്ത സ്കൂളുകളിൽ രക്ഷിതാവ് ഹാജരായി സീറ്റ് ഉറപ്പിക്കാൻ അവസരം നൽകാൻ നടപടി സ്വീകരിക്കുമോ;

(സി) ഒറ്റ ദിവസം പ്രവേശനം നൽകുന്നതുകൊണ്ട് വിദ്യാർത്ഥികൾക്ക് അവർ ഇഷ്ടപ്പെടുന്ന സ്ഥാപനം തെരഞ്ഞെടുക്കാൻ കഴിയാത്ത അവസ്ഥ മാറ്റിയെടുക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) കോളേജ് പ്രവേശനത്തിന് നൽകിവരുന്ന ഈ സൗകര്യം ഹയർ സെക്കണ്ടറി പ്രവേശനത്തിന് നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) രേഖാമൂലം പരാതി ലഭിച്ചിട്ടില്ല.

(ബി ആന്റ് സി) ഇതു സംബന്ധിച്ച് ഇതുവരെ രേഖാമൂലം പരാതിയൊന്നും ലഭിച്ചിട്ടില്ലാത്തതിനാൽ ഇത്തരം ഒരു കാര്യത്തെക്കുറിച്ച് ഇതുവരെ പരിശോധിച്ചിട്ടില്ല. എന്തെങ്കിലും പരാതികൾ ലഭിക്കുകയാണെങ്കിൽ ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

(ഡി) കോളേജുകളേക്കാൾ ഇരട്ടിയിലധികം ഹയർ സെക്കണ്ടറി സ്കൂളുകൾ നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly